# പതിമൂന്നാം കേരളനിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5169 24.10.2011-ലെ മറുപടിക്ക്

### കുട്ടക്കട-പവിത്രേശ്വരം കുടിവെള്ള പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി. പി. അയിഷാ പോറ്റി | ശ്രീ. പി.ജെ. ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) കുട്ടക്കട-പവിത്രേശ്വരം കുടിവെള്ള പദ്ധതിയുടെ അടങ്കൽ തുക എത്രയാണ്; | (എ) കുളക്കട, പവിത്രേശ്വരം പദ്ധതിയുടെ അടങ്കൽ തുക 700.00 ലക്ഷം രൂപയാണ്. |
| (ബി) പ്രസ്തുത പദ്ധതി എന്നാണ് പൂർത്തീകരിക്കേണ്ടത് ; | (ബി) പ്രസ്തുത പദ്ധതി 6/2012-ലാണ് പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നത്. |
| (സി) പദ്ധതിയുടെ നിർമ്മാണം തുടങ്ങിയത് എന്നാണ്; നിർമ്മാണം ഇപ്പോൾ ഏതുഘട്ടത്തിലാണ്; | (സി) പദ്ധതിയുടെ നിർമ്മാണം തുടങ്ങിയത് 1/2010-ലാണ് പമ്പിംഗ് മെയിനിന്റെ പണി പൂർത്തിയായിട്ടുണ്ട്. കിണറിന്റെയും, പ്ലാന്റിന്റെയും പണി അന്തിമഘട്ടത്തിലാണ്. |
| (ഡി) നിർമ്മാണ പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ ? | (ഡി) ത്വരിത ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതിയിൽ ഉൾപ്പെടുത്തി നടന്നുവരുന്ന കുളക്കട - പവിത്രേശ്വരം കുടിവെള്ള പദ്ധതിയിൽ കിണറിന്റെയും, റാ-വാട്ടർ പമ്പിംഗ് മെയിനിന്റെയും 5.60 എം എൽ.ഡി ശുദ്ധീകരണ ശാലയുടെയും നിർമ്മാണ പ്രവർത്തനങ്ങൾ പമ്പ് സെറ്റ് വിതരണം ചെയ്ത് സ്ഥാപിക്കുന്നതിനുള്ള പണികളുമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇവയിൽ പമ്പിംഗ് മെയിനിന്റെ പണി പൂർത്തിയായിട്ടുണ്ട്. കിണറിന്റെയും ജല ശുദ്ധീകരണശാലയുടെയും നിർമ്മാണ പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്. പമ്പ് സെറ്റ് വിതരണം ചെയ്ത് സ്ഥാപിക്കുന്ന പണിയുടെ എസ്റ്റിമേറ്റ് പൂർത്തീകരിക്കുകയും, ആയതിന്റെ ടെണ്ടർ നടപടികൾ ഉടൻ നടത്തപ്പെടുന്നതുമാണ്. ഈ പണികൾ പൂർത്തീകരിച്ച് 6/2012-ൽ ഈ പദ്ധതി കമ്മീഷൻ ചെയ്യാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ